ഉത്തരം

(എ) 1999-2000 വർഷത്തിൽ 5 റിപ്പോർട്ടുകളും, 2000-2001 വർഷത്തിൽ 35 റിപ്പോർട്ടുകളും, 2001-2002 വർഷത്തിൽ 28 റിപ്പോർട്ടുകളും 2002-2003 വർഷത്തിൽ 25 റിപ്പോർട്ടുകളും, 2003 ഡിസംബർ 31 വരെ 33 റിപ്പോർട്ടുകളും കൂടി മൊത്തം 126 റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ 7,96,500 (ഏഴു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്) രൂപ നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ഈ കമ്മീഷന്റെ 31-3-2003 വരെയുള്ള പ്രവർത്തന റിപ്പോർട്ട് (വാർഷിക റിപ്പോർട്ട്) ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

രേഖകൾ പ്രകാരം പാക്കിസ്ഥാൻ പൗരൻമാരായി തീർന്ന കേരളീയർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

118 [119] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ വിഭജനകാലത്ത് തൊഴിൽ തേടിയും മറ്റും പാക്കിസ്ഥാനിൽ എത്തിപ്പെടുകയും അങ്ങനെ പാക്കിസ്ഥാൻ പൗരൻമാരായി തീരുകയും ചെയ്തവരും ഇപ്പോൾ കുടുംബാംഗങ്ങളോടൊപ്പം സംസ്ഥാനത്ത് ജീവിക്കുന്നവരും ആയ കുറെ ആളുകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആളുകളെ ഇവിടെത്തന്നെ ജീവിക്കാൻ അനുവദിക്കണമെന്നും വിവിധ തരത്തിലുള്ള പീഡനങ്ങളിൽ നിന്ന് രക്ഷിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര നിവേദനങ്ങളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) നിവേദനം നൽകിയവരുടെ പേര് വിവരം വെളിപ്പെടുത്തുമോ;

(ഇ) ഇവർക്ക് നേരെ അനുഭാവ പൂർണ്ണമായ ഒരു സമീപനം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തുന്നുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത ആളുകളുടെ പ്രായാധിക്യവും അവശതകളും കണക്കിലെടുത്ത് ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 22

(ഡി) പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(എഫ്) ഉണ്ട്

(ജി & എച്ച്) 10-12-2003-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 60 വയസിനു മുകളിൽ പ്രായമുള്ള കേരളീയരായ എല്ലാ പാക്ക് പൗരൻമാർക്കും മറ്റൊരു പത്ത് വർഷത്തേക്ക് കൂടി ദീർഘകാല താമസ സൗകര്യം അനുവദിക്കുവാനും, കേന്ദ്ര സർക്കാരിൽ ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കേസുകളും മൂന്ന് മാസത്തിനകം തീർപ്പാക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പൗരത്വം തീരുമാനിക്കുന്നതിനും, ദീർഘകാല താമസത്തിനും, ഇന്ത്യൻ പൗരത്വം നൽകുന്നതിനും ഉള്ള അപേക്ഷകൾ എല്ലാരേഖകളും ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനകം തീർപ്പാക്കുവാനും, പൗരത്വം തീരുമാനിക്കുന്നതിനുള്ള കൂടിക്കാഴ്ച ഡൽഹിയിൽ നടത്തുന്നതിനു പകരം കോഴിക്കോട് വെച്ച് നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഏഴിമല നാവിക അക്കാദമിയുടെ ഉദ്ഘാടനം

119 [120] ശ്രീ. കെ. സി. ജോസഫ്:

,, വി. ഡി. സതീശൻ:

,, അടൂർ പ്രകാശ്:

,, ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാദമിയുടെ ഉദ്ഘാടനം എന്നത്തേക്ക് നടത്തുവാനാണ് പരിപാടിയിട്ടിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly